സത്യം വദ

# KERALA VELLALA MAHA SABHA

(Incorporated under Section 28 of Travancore Companies Act Reg. No. 1/1959)

Head Office : 11/303, Thottamon, P.B. No. 9, Ranni Post, Pathanamthitta, Kerala - 689 672. Phone : 0473-5227571

Regional Office : 1st Floor, Jayabharatham Buildings, Opp. Secretariate, Statue, Trivandrum - 695 001

www.kvms.info.com e-mail : generalsecretarykvms@gmail.com

ധർമ്മം ചര

**President :**
N. MAHESAN., Rtd. RDO
42, Sneha Nagar, Kollamparambil,
Mathra, Punalur, Kollam
Mob : 94472 11629

**General Secretary :**
MANACAUD R. PADMANABHAN
No. 30, Harshan Nagar, Manacaud P.O.,
Thiruvananthapuram - 695 009
Mob : 94473 88006, 94953 88000

**Treasurer :**
RAJEEV THAZHAKKARA
Kanjirakatt, Thazhakkara
Mavelikkara, Alapuzha
Mob : 94952 10001

*Date : 13-11-2017*

## സർക്കുലർ നം : 05/17-18

കേരള വെള്ളാള മഹാസഭ ഡയറക്ടർ ബോർഡിന്റെ 2017-18-ലെ അഞ്ചാമത് യോഗം 2017 നവംബർ 12 ഞായറാഴ്ച രാവിലെ 11.30 ന് മഹാസഭ പ്രസിഡന്റ് എൻ. മഹേശന്റെ അധ്യക്ഷതയിൽ കൊല്ലം, പുനലൂർ മാത്ര ഐ.ടി.സി. ഹാളിൽ കൂടുകയുണ്ടായി. ഈശ്വരപ്രാർത്ഥന, ആചാര്യവന്ദനം എന്നിവയോടുകൂടി ആരംഭിച്ച യോഗത്തിന് സംസ്ഥാന ജനറൽ സെക്രട്ടറി സ്വാഗതം ആശംസിച്ചു.

മഹാസഭ മുൻ ഡയറക്ടർ ബോർഡംഗവും, സംസ്ഥാന സീനിയർ വൈസ് പ്രസിഡന്റുമായിരുന്ന അന്തരിച്ച പത്തനംതിട്ട മലയാലപ്പുഴ, പുന്നയ്ക്കാട്ട് പി.വി. രാമൻപിള്ളയ്ക്ക് മഹാസഭ അനുശോചനം രേഖപ്പെടുത്തി.

യോഗ തീരുമാനങ്ങൾ കീഴ്ഘടകങ്ങളുടെ അറിവിലേക്കും നടപ്പിലാക്കുന്നതിനുമായി ചുവടെ ചേർക്കുന്നു.

(1) മുൻ യോഗ റിപ്പോർട്ടും, റിപ്പോർട്ട് കാലാവധിക്കുള്ളിൽ നടന്ന പ്രവർത്തന റിപ്പോർട്ടും ജനറൽ സെക്രട്ടറി അവതരിപ്പിച്ചു. ആയത് ചർച്ചകൾക്ക് ശേഷം അംഗീകരിച്ചു.

(2) മഹാസഭയുടെ വാർഷിക പൊതുയോഗവും, പ്രതിനിധി സമ്മേളനവും സംബന്ധിച്ചുള്ള അറിയിപ്പുകൾ

(a) 2017 ഡിസംബർ 10 ഞായറാഴ്ച കൊല്ലം പുനലൂർ സ്വയംവരാ ഹാളിൽ സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നു.

(b) സമ്മേളനത്തിൽ ഓരോ കീഴ്ഘടകങ്ങളിൽ നിന്നും 5 വീതം പ്രതിനിധികൾക്ക് പങ്കെടുക്കാവുന്നതാണ്. കീഴ്ഘടകങ്ങൾ യോഗം ചേർന്ന് പ്രതിനിധികളെ തീരുമാനിക്കുകയും, മുൻ സർക്കുലർ നമ്പർ 2/17-18 നോടൊപ്പം നൽകിയിട്ടുള്ള ഫോറം പൂരിപ്പിച്ച് 2017 നവംബർ 30 ന് മുമ്പായി ഡയറക്ടർ ബോർഡംഗങ്ങളെ ഏൽപ്പിക്കുകയോ, മഹാസഭയ്ക്ക് തപാലാക്കുകയോ ചെയ്യേണ്ടതാണ്. ഫോറം നഷ്ടപ്പെടുകയോ, ലഭിക്കാതെയോ വന്നിട്ടുള്ള കീഴ്ഘടകങ്ങൾ അവരുടെ ലറ്റർ പാഡിൽ എഴുതി നൽകാവുന്നതാണ്.

(c) സമ്മേളനത്തിനുള്ള സംഭാവന തുകയായി ജില്ലാസമിതികൾ, യൂണിയനുകൾ, ഉപസഭകൾ 500 രൂപ വീതവും, മഹിള-യുവജന വിഭാഗങ്ങൾ 250 രൂപ വീതവും നൽകേണ്ടതാണ്.

(d) ഡയറക്ടർ ബോർഡംഗങ്ങൾ സമ്മേളനത്തിനുള്ള സംഭാവന തുകയായി 3,500 രൂപ വീതം നൽകേണ്ടതാണ്.

(e) മഹാസഭയ്ക്ക് കീഴ്ഘടകങ്ങൾ നൽകേണ്ട വാർഷികവരി ഉൾപ്പെടെയുള്ളവ, കുടിശ്ശികയുണ്ടെങ്കിൽ (2016-17) ആയത് 2017 ഡിസംബർ 9, 10 തീയതികളിൽ സമ്മേളന വേദിയിൽ ഒടുക്കേണ്ടതാണ്.

(f) പൊതുയോഗത്തിൽ മറുപടി ലഭിക്കേണ്ട ചോദ്യങ്ങളും അവതരിപ്പിക്കാനുദ്ദേശിക്കുന്ന പ്രമേയങ്ങളും 5.12.2017-ാം തീയതിക്കു മുമ്പായി കെ.വി.എം.എസ്. തിരുവനന്തപുരം റീജിയണൽ ഓഫീസിൽ എത്തിക്കേണ്ടതാണ്.

(g) മഹാസഭയിലേക്ക് 31.3.2017 വരെ അടച്ചു തീർക്കേണ്ട വാർഷിക വരിസംഖ്യ, പ്രതിനിധി ഫീസ്, ആദായ വിഹിതം മുതലായവ 5.12.2017-നു മുൻപായി അടച്ചു തീർത്ത മഹാസഭാ കീഴ്ഘടകങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾക്കു മാത്രമേ മറുപടി ലഭിക്കുകയുള്ളൂ.

(h) ഒരു യൂണിയനിൽ നിന്നും യൂണിയൻ അധികാരപ്പെടുത്തുന്ന ഒരു പ്രതിനിധിക്ക് ചർച്ചയിൽ പങ്കെടുക്കാവുന്നതാണ്.

(i) മഹാസഭ ബൈല പേജ് നമ്പർ 12 ക്ലാസ് നമ്പർ 30 പ്രകാരം വാർഷിക റിപ്പോർട്ടും കണക്കുകളും അംഗങ്ങൾക്ക് നൽകുന്നതാണ്. എന്നാൽ തപാൽ താമസം ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് വാർഷിക റിപ്പോർട്ടും, അനുബന്ധ വിവരങ്ങളും മഹാസഭയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. (www.kvms.info.com)ബന്ധപ്പെട്ടവർ ഇതൊരു അറിയിപ്പായി കണക്കാക്കേണ്ടതാണ്.

(j) സമ്മേളന സ്വാഗത സംഘത്തിന്റെ ചീഫ് കൺവീനറായി കൊല്ലം പുനലൂർ യൂണിയൻ പ്രസിഡന്റ് എസ്. പൊടിയൻ പിള്ളയെയും (94460 30473), ചീഫ് കോ-ഓർഡിനേറ്ററായി യൂണിയൻ സെക്രട്ടറി ജെ. ശിവരാമകൃഷ്ണ പിള്ളയെയും (94460 32835) ചുമതലപ്പെടുത്തി.

(k) സമ്മേളത്തിനോടനുബന്ധിച്ചുള്ള പ്രാഥമിക നോട്ടീസ് ഇതോടൊപ്പം നൽകുന്നു.

(l) സമ്മേളനത്തിനാവശ്യമായ പ്രചാരണം ലഭിക്കുവാൻ പ്രാദേശികമായി ചെയ്യേണ്ട കാര്യങ്ങൾ കീഴ്ഘടകങ്ങൾ നിർവഹിക്കേണ്ടതാണ്. ഓരോ ഉപസഭയും കഴിയുന്നത്ര ഫ്ളക്സ്/ബാനറുകൾ തയ്യാറാക്കി സമ്മേളനത്തിന് വേണ്ടുന്ന പ്രചാരം നൽകേണ്ടതാണ്.

മഹാസഭ സെക്രട്ടറി ജയകുമാർ വയല നന്ദി പ്രകാശിപ്പിച്ച് യോഗം ഉച്ചയ്ക്ക് 2.30 ന് അവസാനിച്ചു.

മണക്കാട് ആർ. പത്മനാഭൻ
ജനറൽ സെക്രട്ടറി